## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം *747 15.07.2014 ലെ മറുപടിക്ക്**

# പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അച്ചുതൻ.<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.സി.പി.മുഹമ്മദ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) 01.02.2014-ലെ സ.ഉ(എം.എസ്)നമ്പർ 20/14/ആഭ്യന്തരം പ്രകാരം സംസ്ഥാന പോലീസ് സേനയിലെ 56000 സേനാംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 28.02.2014-ലെ സ.ഉ(എം.എസ്) 41/ 2014/ ആഭ്യ നമ്പർ ഉത്തരവ് പ്രകാരം കേരളാ പോലീസ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്ന സേനാംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് കേരള ഗവ.സർവൻസ് മെഡിക്കൽ അറ്റൻഡൻസ് (KGSMA) നിയമത്തിന്റെ പരിരക്ഷയും നൽകിയിട്ടുണ്ട്. |

| | |
|---|---|
| **ബി)** എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | **ബി)** എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത് എന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. |
| **സി)**ഇതിനുള്ള ധനം എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ; | **സി)** സംസ്ഥാന സർക്കാരാണ് ഇതി-നുള്ള പ്രീമിയം തുക അടയ്ക്കുന്നത്. |
| **ഡി)** പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | **ഡി)** പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സേനാംഗങ്ങൾക്ക് ഇൻഷ്വറൻസ് പരി-രക്ഷ നൽകുവാൻ താൽപര്യമുള്ള ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനി-കളിൽ നിന്നും വിശദ വിവരങ്ങൾ ഉൾപ്പെടെയുള്ള താൽപര്യപത്രം ക്ഷണി-ച്ചുകൊണ്ടുള്ള പരസ്യം കേരള പോലീസിന്റെ വെബ്സൈറ്റിലും, പ്രധാന പത്ര മാധ്യമങ്ങളിലും നൽകുന്നതി-ലേയ്ക്കായി സംസ്ഥാന പോലീസ് മേധാവി, ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ